കേരള സർക്കാർ

## സംഗ്രഹം

വ്യവസായ വകുപ്പ് - ചവറ, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ധാതു മണൽ ഖനനം ചെയ്യുന്നതിനായി കരുനാഗപ്പള്ളി താലൂക്കിൽ പെട്ടതും ഖനന പാട്ടക്കരാറിൽ നൽകിയതുമായ സ്ഥലം - വീടും സ്ഥലവും പണയമായി സ്വീകരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വ്യവസായ (ജെ) വകുപ്പ്

**സ.ഉ.(സാധാ.) നം. 356/2012/വ്യവ.    തിരുവനന്തപുരം, തീയതി : 27.02.2012**

---

പരാമർശം :- 1) 18.01.2012-ലെ ചവറ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (IREL) ഹെഡ്ഡിന്റെ CH/HRM/Mining/2012 നമ്പർ കത്ത്.
2) 6.12.2011-ലെ ബഹു. മുഖ്യമന്ത്രിയുടെ മീറ്റിംഗിന്റെ മിനിട്സ്.
3) 13.02.2012.-ലെ മീറ്റിംഗിന്റെ മിനിട്സ്.

## ഉത്തരവ്

ചവറയിലെ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് ഖനനത്തിനായി ഭൂമി പാട്ടത്തിനു നൽകിയ കരുനാഗപ്പള്ളി താലൂക്കിലെ അയണിവേലിക്കുളങ്ങര, ആലപ്പാട്, പന്മന എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങളെ സംബന്ധിച്ചുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ 'ഖനന പാട്ടച്ചാർത്ത്' എന്ന് പ്രത്യേക സ്വഭാവം കൂടി വ്യക്തമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ ഖനന പാട്ടച്ചാർത്ത് പോലെയുള്ള ആധാരങ്ങളുടെ സ്വഭാവം പൂർണ്ണമായും വ്യക്തമാക്കപ്പെടാത്തതിനാൽ സ്ഥലവും വീടും പണയമായി സ്വീകരിച്ച് സ്ഥലം ഉടമകൾക്ക് വിവിധ ആവശ്യങ്ങൾക്ക് വായ്പ നൽകാൻ ധനകാര്യ, സഹകരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ചവറ IREL-ന് ഖനന പാട്ടത്തിനായി സ്ഥലം ഉടമകൾ വിട്ടുകൊടുത്തിട്ടുള്ളതും കരുനാഗപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അയണിവേലിക്കുളങ്ങര, ആലപ്പാട്, പന്മന എന്നീ വില്ലേജുകളിലെ ഭൂമിയിന്മേൽ IREL-ന് ഖനനം ചെയ്യുന്നതിനുള്ള അവകാശം മാത്രമേ ഉള്ളൂ. ഭൂമി പാട്ടത്തിന്

നൽകിയവർക്കാണ് സ്ഥലത്തിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും ക്രയവിക്രയാവകാശവും. 'ഖനന പാട്ടച്ചാർത്ത്' ഭൂമിയിലെ ബാദ്ധ്യതയായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. ആയതിനാൽ IREL-ന് ഖനനത്തിന് പാട്ടക്കരാർ അനുസരിച്ച് വിട്ടുകൊടുത്ത ഭൂമിയും വീടും പണയമായി സ്വീകരിച്ചുകൊണ്ട് ധനകാര്യ സ്ഥാപനങ്ങൾ സ്ഥലം ഉടമകൾക്ക് വായ്പ അനുവദിക്കുന്നതിനോ വീടും സ്ഥലവും ക്രയവിക്രയം ചെയ്യുന്നതിനോ ഈ കരാർ തടസ്സമല്ലെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**അൽകേഷ് കുമാർ ശർമ്മ,**
സെക്രട്ടറി.

ടു,

1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, മുംബൈ.
2) ഹെഡ്സ്, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, ചവറ, കൊല്ലം.
3) ജില്ലാ കളക്ടർ, കൊല്ലം.
4) ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്.
5) ഐ.ജി, രജിസ്ട്രേഷൻ, തിരുവനന്തപുരം.
6) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, കൊല്ലം.
7) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, കൊല്ലം.
8) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, കൊല്ലം.
9) സെക്രട്ടറി, സഹകരണ വകുപ്പ്.
10) രജിസ്ട്രാർ, സഹകരണ സംഘം.
11) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ. ജി.(2) 10767/2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 6.3.2012

പകർപ്പ് ആഡിറ്റ് ഡയറക്ടർക്കും എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും അറിവിനും മേൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി നൽകുന്നു

പകർപ്പ്:

1. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും( ജോയിന്റ് രജിസ്ട്രാർ മുഖേന)
2. ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
3. രജിസ്ട്രാറുടെ മേശപ്പുറത്ത്.
4. വെബ്സൈറ്റ്
5. സ്റ്റോക്ക് ഫയൽ

ഒപ്പ്
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)